A3-9303/ 06

നഗരകാര്യ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 07/11/06.

**20–10–06 ൽ ഗവഃ റസ്റ്റ് ഹൗസ് (P.W.D) തൈക്കാട് വച്ച് നടന്ന നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാരുടെയും നഗരസഭാ സെക്രട്ടറിമാരുടെയും ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാരുടെയും യോഗത്തിന്റെ നടപടിക്കുറിപ്പ്**

സംസ്ഥാനത്തെ നഗരസഭകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള മാസം തോറുമുള്ള പ്ലാൻ റിവ്യൂ മീറ്റിംഗ് ഒക്ടോബർ 20 ന് ഗവഃ റസ്റ്റ് ഹൗസ്, തൈക്കാട് വച്ചു നടന്നു. 19–09–06 ൽ നടന്ന അവലോകനത്തിനു ശേഷം നഗരസഭകകളുടെ വിവിധ പ്രവർത്തനങ്ങളിൽ കൈവരിച്ച പുരോഗതി ഉൾപ്പെടെയുള്ള വസ്തുതകൾ വിലയിരുത്തുകയും അവലോകനം ചെയ്യുകയുമാണ് പ്രധാന അജണ്ട. തദ്ദേശ സ്വയം ഭരണ വകുപ്പു സെക്രട്ടറി ശ്രീ.ടി.കെ.ജോസ്.ഐ.എ.എസ് യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. നിശ്ചയിച്ച പ്രകാരം യോഗം രാവിലെ 9.55 ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധം 1–ൽ ചേർത്തിരിക്കുന്നു.

## ആമുഖം

നഗരകാര്യ ജോയിന്റ് ഡയറക്ടർ (ഭരണം) ശ്രീ.എം.ആർ.അഭിലാഷ് യോഗത്തിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്യുകയും ആരോഗ്യ മേഖലയിൽ സംസ്ഥാനം ഇപ്പോൾ നേരിടുന്ന പ്രതിസന്ധിയായ ചിക്കുൻഗുനിയ സംബന്ധിച്ച ഒരു അവതരണം നടത്തുന്നതിനു കുന്നകുളം നഗരസഭാ സെക്രട്ടറി ശ്രീ.എൻ.വിജയകുമാറിനെ ക്ഷണിക്കുകയും ചെയ്തു.

കുന്നംകുളം നഗരസഭ പ്രദേശത്ത് ചിക്കുൻഗുനിയയെ നേരിടുന്നതിനു സ്വീകരിച്ച മാർഗ്ഗങ്ങളെക്കുറിച്ച് ശ്രീ.എൻ.വിജയകുമാർ ഫിലിം സഹിതം വിശദീകരിച്ചു. നഗരസഭ ഹെൽത്ത് സ്ക്വാഡ് രൂപീകരിച്ചതും, ഈ പകർച്ചവ്യാധി സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ നിലനിന്നിരുന്ന ഭയാശങ്കകൾ മാറ്റുന്നതിനും നഗരസഭ സ്വീകരിച്ച രീതി വളരെ ഫലപ്രദമായിലുന്നുവെന്നും ശ്രീ.എൻ.വിജയകുമാർ അറിയിച്ചു. കൊതുകിന്റെ സാന്ദ്രത 10 % ആയിരുന്നത് 40 % വരെ കുന്നംകുളം നഗരസഭ പ്രദേശത്ത് വർദ്ധിക്കുകയും ഈ അവസ്ഥയ്ക്ക് കാരണം ആയിട്ടുള്ള പരിസരശുചീകരണത്തിൽ ജനങ്ങളുടെ ഭാഗത്ത് ഉൾപ്പെടെ വന്ന

വീഴ്ചയാണെന്ന് കണ്ട് തൃശ്ശൂർ ജില്ലാ കളക്ടറുടെയും, ആരോഗ്യ രംഗത്ത് IMA തുടങ്ങിയ സംഘടനകളുടെയും പ്രാദേശിക T.V ചാനലുകളിലൂടെയും മാധ്യമങ്ങളിലൂടെയും പൊതുജനങ്ങൾക്ക് ഇക്കാര്യത്തിൽ ബോധവൽക്കരണം നൽകുകയും, ടി രോഗം പടർന്ന് പിടിക്കുന്നത് നിയന്ത്രണവിധേയമാക്കിയതിനു ഇതിനകം സ്വീകരിച്ച നടപടികൾ വിശദീകരിക്കുകയും ചെയ്തു. ഈ വിഷയത്തിൽ കുന്നംകുളം നഗരസഭ തയ്യാറാക്കിയ ഡോക്യുമെന്ററി പിന്നീട് യോഗത്തിൽ പ്രദർശിപ്പിക്കുകയും ചെയ്തു.

**<u>അജണ്ട</u>**

Item No. 1 - **പെൻഷൻ / കുടുംബപെൻഷൻ**

**ശ്രീമതി. സി.വത്സലാദേവി, പെൻഷൻ ഓഫീസർ, നഗരകാര്യ വകുപ്പ്**

- നഗരസഭകളിൽ നിന്നും റിട്ടയർ ചെയ്യുന്നവരുടെയും, സർവ്വീസിൽ ഇരിക്കെ മരണമടഞ്ഞവരുടെയും പെൻഷൻ / കുടുംബപെൻഷൻ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ അനുവദിക്കുന്നതിലേക്കായി ടി ജീവനക്കാർ സേവനം അനുഷ്ടിച്ച നഗരസഭകളിൽ നിന്നും എൻ.എൽ.സിയും മറ്റു രേഖകളും ലഭിക്കുന്നതിൽ കാലതാമസം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു.

- നഗരസഭകളിൽ നിന്നും 01–07–06 മുതൽ 31–12–07 വരെ റിട്ടയർ ചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭിച്ചിട്ടില്ല. കുടിശ്ശിഖ സി.വി.പി കുടിശ്ശിഖ , പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ ഒടുക്കാനുള്ള നഗരസഭകൾ ആയതു എത്രയും വേഗം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നതിനും ആവശ്യപ്പെട്ടു (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്ന).

- കൂടാതെ 25–03–06 ലെ (P)നം145/2006/fin നം ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ശമ്പളത്തിൽ വന്ന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ തുക C.P.F ൽ ഒടുക്കുന്നതിനും ആവശ്യപ്പെട്ടു. (നടപടി – നഗരസഭാ സെക്രട്ടറിമാർ / സമയം : 30 ദിവസം)

Item No. 2

**ശ്രീ.ബി.മുരളീധരൻ, ഫൈനാൻസ് ഓഫീസർ**

- 2007–08 ലെ ഡിപ്പാർട്ട്മെന്റ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ

നൽകുന്നതിനു വേണ്ടി നഗരസഭകളുടെ പൊതുവായ കാര്യങ്ങൾ സംബന്ധിച്ച പദ്ധതികൾ 30–09–06 ന് മുൻപായി നൽകുന്നതിന് കഴിഞ്ഞ മീറ്റിംഗിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതു ആറ്റിങ്ങൽ ഒഴിച്ചുള്ള നഗരസഭകളിൽ നിന്നും ലഭിച്ചിട്ടില്ലെന്നും അറിയിച്ചു.

- IDSMT പദ്ധതിക്ക് ലഭിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ്

നവംബർ അഞ്ചിനു മുൻപായി നൽകുന്നതിനും ആവശ്യപ്പെട്ടു.

(നടപടി – മാവേലിക്കര / കളമശ്ശേരി / തൃപ്പൂണിത്തുറ / തളിപ്പറമ്പ / കൊയിലാണ്ടി / കാഞ്ഞങ്ങാട് / പയ്യന്നൂർ / ചിറ്റൂർ തത്തമംഗലം / കൂത്തുപ്പറമ്പ / സൗത്ത് പരവൂർ / മട്ടന്നൂർ നഗരസഭാ സെക്രട്ടറിമാർ )

- നഗരസഭകളിൽ നിന്നും IKM നു വിവിധ പദ്ധതികൾ പ്രകാരം

നൽകുന്ന തുകയുടെ കണക്കുകൾ സെറ്റിൽ ചെയ്യാതെ അവശേഷിക്കുന്നതിനാൽ ടി തുകയുടെ വിനിയോഗം സംബന്ധിച്ച കണക്കുകൾ IKM ൽ നിന്നും ലഭ്യമാക്കി ഉടനെ സെറ്റിൽ ചെയ്യേണ്ടതാണെന്നും അറിയിച്ചു.

(നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും / സമയം : 90 ദിവസം)

- സർക്കാരിൽ നിന്നും ലഭിക്കുന്ന വായ്പകളുടെ 1.1.06, 1.7.06

തീയതികളിലെ Half Yearly Statement നല്കേണ്ടതാണെന്നും അറിയിച്ചു.

(നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും / 30.11.06)

Item No. 3

**ശ്രീ.കെ.പി.മാത്യു , ജോയിന്റ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്**

- നഗരസഭാ ജീവനക്കാരുടെ ട്രാൻസ്ഫർ അപേക്ഷയിൽ

വിശദാംശങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതാണെന്ന് അറിയിച്ചു.

- Service Delivery Project ഉൾപ്പെട്ടിട്ടുള്ള 14 നഗരസഭകളിലും 5

കോർപ്പറേഷനുകളിലും ഉടൻ പദ്ധതി പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചു.

(നടപടി – തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകളും തൊടുപുഴ, കാസർഗോഡ്, പത്തനംതിട്ട, പയ്യന്നൂർ, ആലപ്പുഴ, കണ്ണൂർ,

കൂത്തുപറമ്പ്, കൽപ്പറ്റ, കളമശ്ശേരി, മട്ടന്നൂർ, മഞ്ചേരി, കോട്ടയം, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളും)

- 11–ാം പദ്ധതിയുടെ പ്രവർത്തനത്തിനു വേണ്ടി വർക്കിംഗ് ഗ്രൂപ്പ് പുനഃ സംഘടിക്കുന്നതിന് കഴിഞ്ഞ മീറ്റിംഗിൽ നിർദ്ദേശിച്ച പ്രകാരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും, ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഉടൻ ലഭ്യമാക്കേണ്ടതാണ്.

- ചേരി പ്രദേശങ്ങളെ കണ്ടെത്തുന്നതിനായി 36 നഗരസഭകളിലെ ഉദ്യോഗസ്ഥർക്ക് ഉടൻ ട്രയിനിംഗ് നൽകുന്നതാണെന്ന് അറിയിച്ചു.

- കഴിഞ്ഞ 5 വർഷത്തെ നികുതി കുടിശ്ശിക സംബന്ധിച്ചുള്ള വിശദാംശങ്ങൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനു ആവശ്യപ്പെട്ടു.

(നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും / 30.11.06)

- പത്തനംതിട്ട, തൃപ്പൂണിത്തുറ, തൊടുപുഴ, കാഞ്ഞങ്ങാട്, കൊടുങ്ങല്ലൂർ, നോർത്ത് പറവൂർ, തലശ്ശേരി എന്നീ നഗരസഭകൾക്ക് ISUI പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഉടൻ നൽകേണ്ടതാണെന്ന് വ്യക്തമാക്കി.

(നടപടി – മുകളിൽ പറഞ്ഞ നഗരസഭാ സെക്രട്ടറിമാർ/കാലാവധി 15 ദിവസം)

Item No. 4

**ശ്രീ.ടി.കെ.ജോസ്.ഐ.എ.എസ് , ഗവഃ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്**

- അടുത്ത പി.ആർ.എം ലെ ആദ്യ അജണ്ട ഇപ്പോൾ നടക്കുന്ന മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള Action Taken Report ആയിരിക്കുമെന്നും, മിനിട്ട്സ് വെബ്സൈറ്റിൽ ലഭ്യമായതിനു ശേഷം 10 ദിവസത്തിനുള്ളിൽ നഗരസഭാ സെക്രട്ടറിമാർ ടി വിഷയങ്ങളിൽ സ്വീകരിച്ച നടപടികൾ Item No. സഹിതം നഗരകാര്യ ഡയറകടർക്കും സർക്കാരിലേക്കും ഇ–മെയിൽ ചെയ്യുന്നതിനും നിർദ്ദേശിച്ചു.

(നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും)

- ഹൈദരാബാദിൽ നടന്ന നഗരസഭാ സെക്രട്ടറിമാരുടെ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്ത സെക്രട്ടറിമാർ ലഭിച്ച അറിവുകളും അനുഭവങ്ങളും മറ്റു നഗരസഭാ സെക്രട്ടറിമാരുമായി പങ്കു വയ്ക്കുന്നത് പ്രയോജനപ്രദമായിരിക്കും തുടർന്ന് ഇതു പോലെ ട്രെയിനിംഗിലും, വർക്ക്

ഷോപ്പിലും, പങ്കെടുക്കുന്ന നഗരസഭാ സെക്രട്ടറിമാർ തങ്ങൾക്ക് ലഭിച്ച പുതിയ അറിവുകളെക്കുറിച്ചും മറ്റു സംഗതികളെക്കുറിച്ചും വിശദമാക്കി ഒരു അവതരണം തുടർന്ന് നടക്കുന്ന പി.ആർ.എം ൽ നടത്തേണ്ടതാണെന്ന് അറിയിച്ചു.

- നഗരസഭകളിൽ നിന്നും വാട്ടർ അതോറിറ്റിക്ക് ഒടുക്കേണ്ട തുക ഒടുക്കുന്നതിനും, ഈ വർഷം മുതൽ തുക ഒടുക്കുന്നതിനും സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കി കൊണ്ടു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ നഗരസഭാ പ്രദേശത്തെ നിലവിലുള്ള സ്റ്റാന്റ് പോസ്റ്റുകളുടെ എണ്ണം എടുക്കുന്നതിനും, വെള്ളം ലഭിക്കുന്ന പൈപ്പുകളുടെ എണ്ണം കൃത്യമായി ശേഖരിച്ച പ്രസ്തുത ടാപ്പുകളിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് മീറ്റർ സ്ഥാപിക്കുന്നതിനും ഉപയോഗിക്കുന്ന വെള്ളത്തിന്റെ മാത്രം ചാർജ്ജ് നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വിശദീകരിച്ചു. വെള്ളം ലഭിക്കുന്ന പൈപ്പുകളുടെ കൃത്യമായി കണക്ക് എടുക്കുന്നതിനു വാട്ടർ അതോറിറ്റിയിലേയും , നഗരസഭയിലേയും ജീവനക്കാർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി വ്യക്തമായ ഒരു ധാരണയിലെത്തുന്നതിനും അനധികൃതമായി വെള്ളം ഉപയോഗിക്കുന്ന പൈപ്പുകൾ (ഉദാഃ വാഹനം കഴുകുന്നതിനും, തട്ടുകടകളിലേയും, ഹോട്ടലുകളിലേയും സമീപത്തുള്ളതും) ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനു ആവശ്യപ്പെട്ടു. ടാപ്പുകളുടെ ആവശ്യകത കണ്ടെത്തി മാത്രം ആയത് നിലനിർത്തേണ്ടതാണ് (ഉദാഃ ആശുപത്രി, സകൂൾ, അംഗൻവാടി, പാവപ്പെട്ടവർ താമസിക്കുന്ന സ്ഥലങ്ങൾ തുടങ്ങിയവ). വാട്ടർ അതോറിറ്റി ജീവനക്കാരുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിന് ആവശ്യപ്പെട്ട് കത്ത് നൽകേണ്ടതും ടി വകുപ്പിൽ നിന്നും മറുപടി ലഭിക്കാത്തപക്ഷം Reminder I, II, III എന്ന് രേഖപ്പെടുത്തി അറിയിപ്പ് തുടർന്ന് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ വിണ്ടും ടി വകുപ്പിൽ നിന്നും അറിയിപ്പോ നടപടിയോ ഇല്ലാത്ത പക്ഷം ടി വകുപ്പിന് ഇക്കാര്യത്തിൽ ഒന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് അറിയിച്ചു. Last & Final Reminder നൽകുന്നതിനും ടി വിവരം RDO / Sub Collector / സർക്കാർ എന്നീ തലങ്ങളിൽ റിപ്പോർട്ടു ചെയ്യുന്നത് ഉൾപ്പെടെ തുടർ നടപടികൾ

സ്വീകരിക്കുന്നതിനും 60 ദിവസത്തിനകം ഇക്കാര്യത്തിൽ ഒരു വ്യക്തത ഉണ്ടാകണമെന്നും വ്യക്തമാക്കി.

(നടപടി :– എല്ലാ നഗരസഭകളും / സമയപരിധി – 60 ദിവസം)

- നഗരസഭകളിൽ നിന്ന് വാട്ടർ അതോറിറ്റിക്ക് കൈമാറിയ ആസ്തികൾക്ക് വില നിശ്ചയിച്ചിട്ടുള്ളത് പ്രകാരം വാട്ടർ അതോറിറ്റി നഗരസഭകൾക്ക് നൽകാനുള്ള കോടികണക്കിന് രൂപയുടെ കാര്യത്തിൽ ഒന്നും പരാമർശിക്കാതെ നഗരസഭയിൽ നിന്നും തുക ഒടുക്കാൻ ആവശ്യപ്പെടുക മാത്രമാണ് ചെയ്യുന്നതെന്ന് നഗരസഭാ സെക്രട്ടറിമാർ ചൂണ്ടിക്കാണിച്ചു. ഇതിൻമേൽ വിശദമായ പരിശോധന നടത്തി നഗരസഭകളുടെ നിലപാട് വ്യക്തമാക്കി കൊണ്ടു വിശദമായ റിപ്പോർട്ട് ഇ–മെയിൽ ചെയ്യുന്നതിനും ഗവൺമെന്റ് സെക്രട്ടറി ആവശ്യപ്പെട്ടു.

(നടപടി – നഗരസഭാ സെക്രട്ടറിമാർ / സമയം – 15 ദിവസം)

- നഗരസഭകളുടെ ഫണ്ട് കൈപ്പറ്റിയ ശേഷം website തുടങ്ങിയ സംവിധാനങ്ങൾ Maintain / update ചെയ്യുന്നതിനും IKM ന്റെ ഭാഗത്തു നിന്നുള്ള അനാസ്ഥ പല സെക്രട്ടറിമാരും ശ്രദ്ധയിൽപ്പെടുത്തി. ഇക്കാര്യത്തിൽ IKM ൽ നിന്നും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ് എന്ന് തീരുമാനിച്ചു..

(നടപടി – IKM)

- Plan Fund Expenditure സംബന്ധിച്ച വിശദാംശങ്ങൾ എല്ലാ മാസവും അവസാനത്തെ സ്ഥിതി തയ്യാറാക്കി ഡയറക്ടറേറ്റിൽ ഇ–മെയിൽ ചെയ്യുന്നതിനും നിർദ്ദേശിച്ചു. 30–09–2006 ലെ Plan Fund Expenditure സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ, 30 % താഴെ ചിലവ് ചെയ്ത നഗരസഭകൾ ഇക്കാര്യത്തിൽ അതീവ ശ്രദ്ധ പതിപ്പിച്ച് ഡിസംബറിനു മുൻപായി കാര്യമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യപ്പെട്ടു. Implementing Officers നെ നിയോഗിച്ചു പുരോഗതി കൃത്യമായി അവലോകനം ചെയ്യുന്നതിനും Details Consolidate ചെയ്യുന്നതിനും Economics & Statistics വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം കൂടി ഉപയോഗപ്പെടുത്തുന്നതിനും ആവശ്യപ്പെട്ടു. Economics & Statistics ഉദ്യോഗസ്ഥർ ഇല്ലാത്ത നഗരസഭകൾ ആ വിവരം റിപ്പോർട്ട് ചെയ്താൽ മറ്റു

വകുപ്പുകളിൽ നിന്നും പുനർവിന്യാസം മുഖേന ജീവനക്കാരെ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് അറിയിച്ചു.
(നടപടി – നഗരകാര്യ ഡയറക്ടർ / സമയം – ഒരു മാസം)

- നഗരസഭകളുടെ അക്കൗണ്ടസ് Double Entry System ത്തിലേക്ക് ആക്കുന്ന സാഹചര്യത്തിൽ എല്ലാ നഗരസഭകളിലേയും Accounts Section ലെ ജീവനക്കാരുടെ Biodata അടിയന്തിരമായി ഡയറക്ടർക്കും ഗവൺമെന്റിലേക്കും ഇ–മെയിൽ ചെയ്യുന്നതിന് നിർദ്ദേശിച്ചു.
(നടപടി – നഗരസഭാ സെക്രട്ടറിമാർ / സമയം – ഒരാഴ്ച്ച)

നഗരസഭയിലെ അക്കൗണ്ടസ് വിഭാഗത്തിലേയും അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലേയും ജീവനക്കാർക്കു വേണ്ടി ട്രയിനിംഗ് പ്രോഗ്രാം പ്രത്യേകം തയ്യാറാക്കുന്നതാണെന്ന് അറിയിച്ചു.
(നടപടി – Joint Director, DUA)

- 2007 സെപ്തംബർ 30 –ാടു കൂടി സംസ്ഥാനത്തെ 58 നഗരസഭകളിലേയും അക്കൗണ്ടസ് Double Entry System പൂർണ്ണമായി നടപ്പാക്കേണ്ടതാണെന്നും , നഗരസഭകളിലെ അക്കൗണ്ടസ് Double Entry System നടപ്പാക്കുന്ന India യിലെ രണ്ടാമത്തെ സംസ്ഥാനമായി കേരളം മാറുന്നതിന് എല്ലാവരുടെയും കൂട്ടായ ശ്രമം ആരംഭിക്കണമെന്നും തീരുമാനിച്ചു.
(നടപടി – DUA, FO & All Secretaries)

- KILA യിൽ Urban Research & Reference Centre ന്റെ അഭാവം ഉള്ളതായും നഗരവികസന രംഗത്ത് സംസ്ഥാനത്തിന്റേതായ ഒരു Expert team ന്റെ അഭാവം സെക്രട്ടറി ചൂണ്ടിക്കാട്ടി. കൂടാതെ Inhouse Training ന്റെയും ആവശ്യകതയും, അദ്ദേഹം പരാമർശിച്ചു.
(നടപടി – KILA / DUA / JD(A), DUA)

- Solid Waste Management കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് നഗരസഭകളുടെ കൈവശമുള്ള സ്ഥലം, അക്വസിഷൻ നടപടി ആരംഭിച്ചിട്ടുള്ളവ, അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്നവ എന്നിവ സംബന്ധിച്ച

വിശദാംശങ്ങൾ അടുത്ത മീറ്റിംഗിനു മുൻപായി ഇ–മെയിൽ ചെയ്യുന്നതിനും ആവശ്യപ്പെട്ടു.

(നടപടി – എല്ലാ സെക്രട്ടറിമാരും / Director, CKM)

Processing Plant നായി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അതിർത്തിയിൽ green belt ഉണ്ടാക്കുന്നതിനും നല്ല രീതിയിൽ ചുറ്റുപാട് സംരക്ഷിക്കുന്നതിനും, ഇക്കാര്യത്തിൽ പൊതു ജനങ്ങൾക്കുള്ള ആശങ്ക മാറ്റുന്നതിനും വേണ്ടി കോർപ്പറേഷൻ / നഗരസഭാ സെക്രട്ടറി, കോർപ്പറേഷൻ / മുനിസിപ്പൽ എഞ്ചിനിയർ എന്നിവരുടെ ഔദ്യോഗിക വസതി ഇതിനോടനുബന്ധിച്ച് നിർമ്മിക്കുന്നതിനും സെക്രട്ടറിമാർ മുൻകൈ എടുക്കുന്നതിനും ആവശ്യപ്പെട്ടു.

(നടപടി – DUA / സെക്രട്ടറിമാർ / Director, CKM)

സംസ്ഥാനത്തെ 60–70 കിലോമീറ്ററിൽ ഒന്ന് എന്ന കണക്കിൽ 7–8 പൊതുവായ Sanitary Land Fill Site സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി – CKM)

Processing Plant ഇല്ലാത്ത സ്ഥലത്ത് ഇതിന് പരിഹാരം അതാത് സെക്രട്ടറിമാർ അടിയന്തിരമായി കണ്ടെത്തേണ്ടതാണ്. segregated Collection, Covered Transportation, Zero Waste on Ground എന്നീ ലക്ഷ്യത്തോടെ SWM കാര്യക്ഷമമാക്കുന്നതിന് സമയബന്ധിതമായി നടപടികൾ കൈക്കൊള്ളേണ്ടതാണ്.

(നടപടി – നഗരസഭാ സെക്രട്ടറിമാർ / Support by CKM)

- കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കായി അനുവദിക്കുന്ന

Uniform, GumBoot, Gloves എന്നിവ ധരിക്കാതെ വളരെ അശ്രദ്ധയോടെ മാലിന്യം കൈകാര്യം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അവർക്ക് ആരോഗ്യപരമായ പ്രശ്നങ്ങൾ സൃഷ്ടിക്കും എന്നതിനാൽ ടി ജീവനക്കാർ യൂണിഫോം ധരിക്കുന്നത് ഉറപ്പു വരുത്തുന്നതിന് അവരെ മേൽനോട്ടം നടത്തുന്ന ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയവർക്ക് നിർദ്ദേശം സെക്രട്ടറിമാർ നൽകണമെന്ന് ആവശ്യപ്പെട്ടു.

(നടപടി – നഗരസഭാ സെക്രട്ടറിമാർ)

ഖരമാലിന്യ സംസ്ക്കരണ ആവശ്യത്തിനായി പ്രസ്തുത സ്ഥലം നഗരസഭയ്ക്കുള്ളിൽ കണ്ടെത്താൻ വളരെ ബുദ്ധിമുട്ട് നേരിടുന്ന

നഗരസഭയ്ക്ക് അവരുടെ ചുറ്റുപാടുള്ള ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ചു കൊണ്ട്, പഞ്ചായത്ത് പ്രദേശങ്ങളിൽ ജനവാസം കുറഞ്ഞ സ്ഥലങ്ങൾ കണ്ടെത്താൻ കഴിയുമെങ്കിൽ നഗരസഭയുടെയും പഞ്ചായത്തുകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഇത്തരം ഒരു ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കാം എന്ന് നിർദ്ദേശിച്ചു. ഇപ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്ന പക്ഷം ആ പഞ്ചായത്തുകളുടെ കാർഷികവും വ്യാവസായികവുമായ ഉല്പന്നങ്ങൾ പ്രസ്തുത നഗരസഭയ്ക്കുള്ളിലെ ഷോപ്പ് മുറികളിൽ / ഷോപ്പിംഗ് കോംപ്ലക്സുകളിൽ വാടകരഹിതമായി / സൗജന്യ നിരക്കിൽ വിപണനം ചെയ്യുന്നതിന് നഗരസഭയും മുന്നോട്ട് വരേണ്ടതാണ്. ഇത്തരത്തിൽ ഒരു 'Urban Rural Interface' എന്നത് കേരളത്തിന്റെ സാഹചര്യത്തിൽ പരസ്പരം സഹവർത്തിത്തത്തോടെ പ്രാവർത്തികമാക്കാവുന്ന മാതൃകയാക്കാമോ എന്ന് അദ്ദേഹം സെക്രട്ടറിമാരോട് ചോദിച്ചു.

നഗരസഭകളുടെ 2005–06 വർഷം വരെയുള്ള ഡി.സി.ബി കണക്കുകൾ തയ്യാറാക്കുന്നതിനും പുറത്തുള്ള ഏജൻസിയെ ഏൽപ്പിക്കാവുന്നതാണെന്ന് 19–09–06 ൽ നടന്ന അവലോകന മീറ്റിംഗിൽ തീരുമാനിച്ചിരുന്നെങ്കിലും, ഇക്കാര്യത്തിൽ ഒരു സർക്കാർ ഉത്തരവ് ആവശ്യമാണെന്ന നഗരസഭാ സെക്രട്ടറിമാർ ചൂണ്ടിക്കാണിക്കുകയും, ആവശ്യമായ ഉത്തരവ് നൽകാമെന്ന് അതിനുള്ള പ്രൊപ്പോസൽ DUA നൽകേണ്ടതാണ്.

(നടപടി – DUA , FO)

## Item No. 5

**ശ്രീ. എ.രവീന്ദ്രൻ സൂപ്രണ്ട് – പ്രോവിഡന്റ് ഫണ്ട് വിഭാഗം**

- 2004 ൽ നടപ്പിലാക്കിയ ജീവനക്കാരുടെ ശമ്പള പരിഷ്കരണം മുഖേനയുള്ള ശമ്പളത്തിന്റെ 6% കണക്കാക്കി പി.എഫ് വരിസംഖ്യ കൃത്യമായി ഈടാക്കേണ്ടതാണെന്ന് അറിയിച്ചു. സി.പി.എഫ് ൽ ചില നഗരസഭകളിൽ നിന്നും ഒടുക്കാനുള്ള കുടിശ്ശിഖ തുകകൾ ഉടനെ ഒടുക്കുന്നതിനും ആവശ്യപ്പെട്ടു.

(നടപടി – എല്ലാ സെക്രട്ടറിമാരും / സമയപരിധി – 30 ദിവസം)

- ജീവനക്കാർക്ക് പി.എഫ് ൽ നിന്നും താൽക്കാലിക വായ്പ അനുവദിക്കുമ്പോൾ പി.എഫ് റൂളിൽ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്കാണ് വായ്പ അനുവദിക്കുന്നതെന്നും, പി.എഫ് ക്ലോഷർ അപേക്ഷ നൽകുന്ന അവസരത്തിൽ എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പു വരുത്തേണ്ടതാണ്.

(നടപടി – നഗരസഭാ സെക്രട്ടറിമാർ)

Item No. 6

**ശ്രീമതി. സുധ, ടൗൺപ്ലാനർ, ചീഫ് ടൗൺപ്ലാനിംഗ് വകുപ്പ്**

- UIDSSMT തുടങ്ങിയ പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു. ടി പദ്ധതിയുടെ Apprising Agency Department of Town and Country Planning ആണെന്നും പദ്ധതികൾക്കായി ലഭിക്കുന്ന തുക പൂർണ്ണമായി വിനിയോഗിക്കുന്നതിനും ആവശ്യമായ സഹായസഹകരണങ്ങൾ നൽകുന്നതാണെന്നും അറിയിച്ചു.

Item No. 7

**ശ്രീ. കൃഷ്ണകുമാർ**

**പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ.**

- യു.പി.എ പദ്ധതി പ്രകാരമുള്ള തുക ട്രഷറിയിൽ പിൻവലിക്കാൻ കഴിയാത്ത അവസ്ഥയുണ്ടെങ്കിൽ ആയത് ഒരുമിച്ച് പിൻവലിക്കാതെ പാർട്ട് ബൈ പാർട്ടായി ബിൽ നൽകി പിൻവലിക്കുന്നതിന് നഗരസഭാ സെക്രട്ടറിമാരോട് ഗവഃ സെക്രട്ടറി നിർദ്ദേശിച്ചു. യു.പി.എ യിൽ അവശേഷിക്കുന്ന തുക, CDS യിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക, ട്രാൻസ്ഫർ ചെയ്യാൻ അവശേഷിക്കുന്ന തുക എന്നിവയുടെ വിശദാംശങ്ങൾ 15 ദിവസത്തിനകം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകുന്നതിന് ഗവഃ സെക്രട്ടറി നിർദ്ദേശിച്ചു.

(നടപടി – സെക്രട്ടറിമാർ / മേൽനോട്ടം – F.O, DUA)

- NSDP 2005 ൽ അവസാനിച്ചിട്ടുള്ളതിനാൽ നഗരസഭയ്ക്ക് ലഭിച്ച തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഉടനെ നൽകുന്നതിനും തുക ശേഷിക്കുന്നുണ്ടെങ്കിൽ ആയത് ട്രാൻസ്ഫർ ചെയ്യുന്നതിനും ശ്രീ.കൃഷ്ണകുമാർ ആവശ്യപ്പെട്ടു. NSDP യുടെ Quarterly Progress Report നൽകിയിട്ടില്ലാത്ത 42 നഗരസഭകൾ അത് ഉടനെ നൽകുന്നതിനും ആവശ്യപ്പെട്ടു.

- VAMBAY പദ്ധതിയിൽ 2001-02 തിരുവനന്തപുരം നഗരസഭയ്ക്ക് അനുവദിച്ച തുക പ്രകാരം വീടുകളുടെ നിർമ്മാണം നടത്തിയിട്ടില്ലാത്തതിനാൽ, ഇക്കാര്യത്തിൽ 10 ദിവസത്തിനകം നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം നഗരസഭയുടെ ഡെപ്യൂട്ടി സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

(നടപടി – തിരുവനന്തപുരം നഗരസഭ / സമയം : 10 ദിവസം)

- 2002-03 വർഷത്തൽ വർക്കല, ആലുവ, ഗുരുവായൂർ എന്നീ നഗരസഭകളുടെ VAMBAY പദ്ധതിയിൽ ലഭിച്ച തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്തപക്ഷം തുക തിരിച്ചടയ്ക്കുന്നതിനും ആവശ്യപ്പെട്ടു.

(നടപടി – വർക്കല, ആലുവ, ഗുരുവായൂർ നഗരസഭകൾ / സമയം:15 ദിവസം)

- VAMBAY പദ്ധതിയിൽ 2003-04 ൽ അനുവദിച്ച തുക വിതരണം വിനിയോഗിച്ചിട്ടില്ലാത്ത തിരൂർ, മട്ടന്നൂർ, തിരുവല്ല, മാവേലിക്കര, ചങ്ങനാശ്ശേരി, വൈക്കം, കോതമംഗലം, പൊന്നാനി, നോർത്ത് പറവൂർ എന്നീ നഗരസഭകളിലെ സെക്രട്ടറിമാർ തുക വിനിയോഗിക്കുന്നതിനും നടപടി സ്വീകരിക്കാത്തപക്ഷം അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്.

(നടപടി – തിരൂർ, മട്ടന്നൂർ, തിരുവല്ല, മാവേലിക്കര, ചങ്ങനാശ്ശേരി, വൈക്കം, കോതമംഗലം, പൊന്നാനി, നോർത്ത് പറവൂർ നഗരസഭകൾ / സമയം:10 ദിവസം)

- 2004-05 വർഷത്തിൽ കൊച്ചി, തിരുവനന്തപുരം നഗരസഭയിൽ യഥാക്രമം 196, 101 വീടുകളുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യപ്പെട്ടു.

(നടപടി–ഡെപ്യൂട്ടി സെക്രട്ടറിമാർ,കൊച്ചി,തിരുവനന്തപുരം/സമയം–10ദിവസം)

- ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ ശേഷിക്കുന്ന 14 നഗരസഭകളിലെ സെക്രട്ടറിമാർ 15 ദിവസത്തിനകം മേൽ നടപടികൾ സ്വീകരിച്ച വിവരം റിപ്പോർട്ട് ചെയ്യുന്നതിനും ആവശ്യപ്പെട്ടു.

- നഗരസഭാ സെക്രട്ടറിമാരുടെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ വളരെയധികം അശ്രദ്ധ സംഭവിച്ചതായി ഗവഃ സെക്രട്ടറി അഭിപ്രായപ്പെട്ടു.

(നടപടി – നഗരസഭാ സെക്രട്ടറിമാർ)

## Item No. 8

- തുടർന്ന് മുനിസിപ്പൽ സെക്രട്ടറിമാരായി നിയമനം ലഭിച്ച് Pre-service Training ന്റെ ഭാഗമായി ചേർത്തല നഗരസഭയിൽ ഒരാഴ്ച ട്രയിനിംഗിന് നിയോഗിച്ചിരുന്ന ശ്രീ. എ.സി.കുര്യാക്കോസ്, ശ്രീ.അനീസ് എന്നിവൽ തങ്ങളുടെ ഒരാഴ്ചത്തെ ട്രയിനിംഗ് സംബന്ധിച്ച് വിശദീകരിച്ചു.

- ചേർത്തലയിൽ പകർച്ചവ്യാധികൾ പടരുന്നതിന് കാരണമായിട്ടുള്ളത് ശുചീകരണം പാലിക്കാത്തതും, പ്രോസസ്സിംഗ് പ്ലാന്റ് ഇല്ലാത്തതും മൂലമാണെന്ന് അറിയിച്ചു.

- ചേർത്തല നഗരസഭയിൽ ടി സെക്രട്ടറിമാരെ ഒരാഴ്ച കൂടി ട്രയിനിംഗിന് നിയോഗിക്കുന്നതാണെന്നും ടി കാലയളവിൽ Solid Waste Processing ന് പറ്റിയ 4 ഏക്കർ സ്ഥലം കണ്ടെത്തി അറിയിക്കുന്നതിന് ഗവഃ സെക്രട്ടറി നിർദ്ദേശിച്ചു.

(നടപടി – DUA, സെക്രട്ടറി ചേർത്തല നഗരസഭ സമയം – 7 ദിവസം)

## Item No. 9 - National Policy on Street Vendors

**ശ്രീ.ടി.കെ.ജോസ്.ഐ.എ.എസ്, ഗവഃ സെക്രട്ടറി**

- തുടർന്ന് National Policy on Street Vending എന്ന ദേശീയ പരിപാടി സംബന്ധിച്ച് ഗവഃ സെക്രട്ടറി വിശദീകരിച്ചു. ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സിനെ ടി പോളിസിയുടെ നോഡൽ ആഫീസറായി നിയമിച്ചിട്ടുള്ളതായും അർബൻ ഇക്കോണമിയുടെ ഒരു ഭാഗമായ Street vending നെ സംബന്ധിച്ച് എല്ലാ നഗരസഭകളിലും സർവ്വേ നടത്തി, അവരുടെ Biodata ശേഖരിച്ച്, ലൈസൻസ്, തിരിച്ചറിയൽ കാർഡ്, ഹെൽത്ത് കാർഡ്

എന്നിവ നൽകി, സ്ട്രീറ്റ് വെൻഡിംഗിനായി പ്രത്യേക സോൺ അനുവദിക്കിണ്ടേതാണെന്നും, സ്ട്രീറ്റ് വെൻഡേഴ്സിനെ പുനരധിവസിപ്പിക്കുന്നതിന് ടി പദ്ധതിയുടെ ഭാഗമായി നടപടി സ്വീകരിക്കേണ്ടതാണെന്നും അറിയിച്ചു.

- UIDSSMT പദ്ധതിക്ക് കൺസൽറ്റന്റിനെ നിയോഗിക്കുന്ന

അവസരത്തിൽ കൺസൽറ്റൻസി ഫീസ് നൽകാവുന്ന തുകയുടെ പരമാവധി 25% അഡ്വാൻസ് ആയും, 25% പ്ലാനിന് കേന്ദ്ര ഗവഃ അംഗീകാരത്തിനും ശേഷവും, 25% ഒന്നാം ഗഡു ലഭിച്ചതിനും ശേഷം, ശേഷിക്കുന്ന 25% പദ്ധതി ആരംഭിച്ച് 1 വർഷം തികയുമ്പോഴും നൽകുന്നതിന് കൺസൽറ്റന്റസുമായി എഗ്രിമന്റ് തയ്യാറാക്കേണ്ടതാണെന്ന് അറിയിച്ചു.

കൂടാതെ പരാമവധി കൺസൽറ്റൻസി ഫീസ് എന്നത് കേന്ദ്രത്തിൽ നിന്നും ഒരോ പ്രോജക്ട് കംപണന്റിമായി ലഭിക്കുന്ന തുകയുടെ 1% ആയിരിക്കുമെന്നും അറിയിച്ചു. കഴിഞ്ഞ വർഷത്തെ (2005–06) ആകെ വരുമാനത്തിൽ നിന്നും ആകെ ചിലവ് കഴിച്ചുള്ള തുകയുടെ 60 മടങ്ങാണ് പരമാവധി UIDSSMT ആകെ പ്രോജക്ട് തുകയായി കണക്കാക്കേണ്ടതെന്നും അദ്ദേഹം അറിയിച്ചു.

Item No.10 - KURDFC
**ശ്രീ.പി.എം.മുഹമ്മദ് അലി, മാനേജിംഗ് ഡയറക്ടർ**

- KURDFC യുടെ ആസ്ഥാന ഓഫീസ് തിരുവനന്തപുരത്തെ

ചാലക്കുഴി റോഡിലുള്ള TRIDA ബിൽഡിംഗിലേക്ക് 16/10/2006 ന് മാറ്റിയിട്ടുള്ളതായും, കോഴിക്കോട് ഓഫീസ് റീജിയണൽ ഓഫീസായി നിലനിർത്തിയിട്ടുണ്ടെന്നും അറിയിച്ചു. തിരുവനന്തപുരം മുതൽ പാലക്കാട് ജില്ല വരെയുള്ള നഗരസഭകൾ ഇനി മുതൽ തിരുവനന്തപുരത്തെ ആസ്ഥാന ഓഫീസിലും, മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള നഗരസഭകൾ കോഴിക്കോട് റീജിയണൽ ഓഫീസിലും ബന്ധപ്പെടേണ്ടതാണെന്നും അറിയിച്ചു.

- വിവധ നഗരസഭകളുടെ KURDFC, HUDCO & CDS

വായ്പകൾ കുടിശ്ശികകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക ഉടനെ ഒടുക്കുന്നതിനും ആവശ്യപ്പെട്ടു. (സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു)

Item No. 11

**ശ്രീ.എ.ഷാജഹാൻ.ഐ.എ.എസ്, നഗരകാര്യ ഡയറക്ടർ**

- നഗരസഭ സെക്രട്ടറിമാർക്ക് LAPTOP നൽകാത്തതിന്റെ കാരണം നഗരകാര്യ ഡയറക്ടർ ആരാഞ്ഞു.

- LAPTOP 19-09-06 ൽ IKM ൽ ലഭിച്ചുവെന്നും ആയത് ചെക്കിംഗ് പൂർത്തിയാക്കി ഉടനെ നൽകുന്നതാണെന്ന് IKM പ്രതിനിധി അറിയിച്ചു.

- LAPTOP ലഭിച്ച് 30 ദിവസം കഴിഞ്ഞിട്ടും ചെക്കിംഗ് പൂർത്തിയാക്കി നൽകാത്തതിൽ നഗരകാര്യ ഡയറക്ടർ അതൃപ്തി രേഖപ്പെടുത്തി. അടിയന്തിരമായി ഇത് സെക്രട്ടറിമാർക്ക് നൽകേണ്ടതാണെന്നും അദ്ദേഹം അറിയിച്ചു.

(നടപടി – IKM )

- കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ എഞ്ചിനിയറിംഗ് വിഭാഗം ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിനും സ്പെഷ്യൽ റൂൾസ് പ്രകാരം ഡി.പി.സി കൂടുന്നതിലേക്കായി Asst. Engineer, Asst. Executive Engineer, Executive Engineer എന്നീ തസ്തികകളിലെ ജീവനക്കാരുടെ സി.ആർ അടിയന്തിരമായി അയച്ചു തരുന്നതിനും ആവശ്യപ്പെട്ടു.

എഞ്ചിനിയറിംഗ് വിഭാഗത്തിലെ ടി ജീവനക്കാർ സെൽഫ് അപ്രൈസൽ സമർപ്പിക്കാത്തതിലാണ് ടി ജീവനക്കാരുടെ സി.ആർ നൽകാൻ കഴിയാത്തതെന്ന് നഗരസഭാ സെക്രട്ടറിമാർ അറിയിച്ചു.

ടി ജീവനക്കാർക്ക് സെൽഫ് അപ്രൈസൽ നൽകുന്നതിനു ആവശ്യപ്പെട്ടുകൊണ്ട് , മെമ്മോ നൽകുന്നതിനും ഉടൻ ആയതു പരിശോധിച്ച് നൽകുന്നതിനും നഗരകാര്യ ഡയറക്ടർ കർശന നിർദ്ദേശം നൽകി.

- നഗരസഭാ സെക്രട്ടറിമാരുടെ തിരിച്ചറിയൽ കാർഡ് തയ്യാറാക്കുന്നതിലേക്കായി രേഖകൾ നൽകാത്ത സെക്രട്ടറിമാർ ആയതു നൽകുന്നതിനും ഡയറക്ടർ ആവശ്യപ്പെട്ടു.

• നഗരസഭകളുടെ അസ്സറ്റ് മാനേജ്മെന്റ്, നഗരഭരണം എന്നിവ സംബന്ധിച്ച് 10–20 പോയിന്റ്സ് ഉൾക്കൊള്ളിച്ച് കൊണ്ട് ഒരു നോട്ട് തയ്യാറാക്കി അടുത്ത മീറ്റിംഗിനു മുൻപായി നൽകുന്നതിന് എല്ലാ നഗരസഭാ സെക്രട്ടറിമാരോടു ആവശ്യപ്പെട്ടു. 11–ാം പദ്ധതിയുടെ രൂപീകരണത്തിന് വേണ്ട പ്ലാൻ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭാ സെക്രട്ടറിമാരോട് ആവശ്യപ്പെട്ടു.

(നടപടി – നഗരസഭാ സെക്രട്ടറിമാർ)

**<u>Decision</u>**

(1) നഗരസഭ പ്രദേശത്തെ നിലവിലുള്ള പൈപ്പുകളുടെ എണ്ണം കൃത്യമായി ശേഖരിക്കേണ്ടതും, ആവശ്യമുള്ള ടാപ്പുകൾ മാത്രം കണ്ടെത്തി ടി ടാപ്പുകളിൽ മീറ്റർ സ്ഥാപിക്കേണ്ടതുമാണ്.

(നടപടി –എല്ലാ നഗരസഭകളും / സമയം – 60 ദിവസം)

(2) ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റി ജീവനക്കാരുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കണം.

(നടപടി –എല്ലാ നഗരസഭകളും / സമയം – 15 ദിവസം)

(3) Plan Fund Expenditure സംബന്ധിച്ച വിശദാംശങ്ങൾ എല്ലാ 15 ദിവസത്തേയും സ്ഥിതി തയ്യാറാക്കി ഇ–മെയിൽ ചെയ്യേണ്ടതാണ്.

(നടപടി –എല്ലാ നഗരസഭാ സെക്രട്ടറിമാർ / സമയംപരിധി – 15 ദിവസം)

(4) നഗരസഭകളിലെ Accounts section ജീവനക്കാരുടെ Bio-data അടിയന്തിരമായി ഇ–മെയിൽ ചെയ്യേണ്ടതാണ്.

(നടപടി –എല്ലാ നഗരസഭാ സെക്രട്ടറിമാർ / സമയംപരിധി – 7 ദിവസം)

(5) Solid Waste Management സംബന്ധിച്ച വിശദാംശങ്ങൾ ഇ–മെയിൽ ചെയ്യേണ്ടതാണ്.

(നടപടി –എല്ലാ നഗരസഭാ സെക്രട്ടറിമാർ, CKM /സമയംപരിധി – 15 ദിവസം)

(6) VAMBAY പദ്ധതി പ്രകാരം ലഭിച്ച തുക വിനിയോഗം ചെയ്തിട്ടില്ലാത്ത നഗരസഭകൾ ഉടൻ പ്രവർത്തി നടത്തിപ്പിക്കുന്നതിനോ, അല്ലാത്തപക്ഷം തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

(നടപടി തിരുവനന്തപുരം, കൊച്ചി, വർക്കല, ആലുവ, ഗുരുവായൂർ, തിരൂർ, മട്ടന്നൂർ, തിരുവല്ല, മാവേലിക്കര, ചങ്ങനാശ്ശേരി, വൈക്കം, കോതമംഗലം, പൊന്നാനി, നോർത്ത് പറവൂർ നഗരസഭാ സെക്രട്ടറിമാർ / സമയംപരിധി – 15 ദിവസം)

(7) നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗം ജീവനക്കാരുടെ C.R ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി –എല്ലാ നഗരസഭാ സെക്രട്ടറിമാർ /സമയംപരിധി – 7 ദിവസം)

## Conclusion

യോഗം വൈകുന്നേരം 6.40 ന് അവസാനിച്ചു.

**ശ്രീ.ടി.കെ.ജോസ്. ഐ.എ.എസ്**
ഗവഃ സെക്രട്ടറി
തദ്ദേശ സ്വയം ഭരണ വകുപ്പ്

**ശ്രീ. എ.ഷാജഹാൻ. ഐ.എ.എസ്**
നഗരകാര്യ ഡയറക്ടർ

## അനുബന്ധം 1

യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ്

| | |
|---|---|
| 1. ശ്രീ. കെ.പി.മാത്യു | – ജോയിന്റ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്. |
| 2. ഡോ. സലിം | – ഡയറക്ടർ, ക്ലീൻ കേരള മിഷൻ. |
| 3. ശ്രീ. പി.എം. മുഹമ്മദ് അലി | – മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി.. |
| 4. ശ്രീമതി. സുധ | – ടൗൺ പ്ലാനർ, ചീഫ് ടൗൺപ്ലാനിംഗ് വകുപ്പ്. |
| 5. ശ്രീ. എം.ആർ.അഭിലാഷ് | – ജോയിന്റ് ഡയറക്ടർ (ഭരണം), O/o the DUA. |
| 6. ശ്രീ. എം.എ.ശ്രീധരൻ നായർ | – റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം. |
| 7. ശ്രീ.കെ.ബി.രാമചന്ദ്രൻനായർ | – സൂപ്രണ്ട് കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറുടെ പ്രതിനിധി, |
| 8. ശ്രീ. ആർ.കെ.സത്യനാഥൻ | – റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്. |
| 9. ശ്രീ. ബി.മുരളീധരൻ | – ഫൈനാൻസ് ഓഫീസർ, O/o the DUA. |
| 10. ശ്രീ. എ.നിസാമുദ്ദീൻ | – ലോ ഓഫീസർ, O/o the DUA. |
| 11. ശ്രീമതി. സി.വത്സലാദേവി | – പെൻഷൻ ഓഫീസർ, O/o the DUA.. |
| 12. ശ്രീ. മുഹമ്മദ് നരോത്ത് | – അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് O/o the DUA. |

# Name of Municipal / Corporation Secretaries

| Sl. No | | Name | Mobile No |
|---|---|---|---|
| | | **Regional Office** | |
| 1 | RJDUA, Kollam | M.A.Sreedharan Nair | 9446425234 |
| 2 | RJDUA, Kochi | represented by Jr. Supdt. | |
| 3 | RJDUA, Kozhikode | R.K.Sathyanathan | 9847252934 |
| | | **Corporation** | |
| 1 | Thiruvananthapuram | T.K.Raveendran | 9447044141 |
| 2 | Kochi | Sankarankutty In-charge | 9387761833 |
| 3 | Kollam | A.K.Sasikala | 9446544192 |
| 4 | Thrissur | P.M.Devarajan | 9847724734 |
| 5 | Kozhikode | P.Venugopal | 9446373522 |
| | | **Ist Grade Municipalities** | |
| 1 | Alappuzha | T.Santhosh | 9447214399 |
| 2 | Changanassery | C.Radhakrishna Kurup | 9447556949 |
| 3 | Kottayam | Sabeena Paul | 9847528666 |
| 4 | Thiruvalla | T.Sudhadevi | 9349150337 |
| 5 | Aluva | P.V.Jyothi | 9446569930 |
| 6 | Perumbavoor | K.V.Vijayakumar | 9446023043 |
| 7 | Tirur | Kunhi Mohammed | 9446515233 |
| 8 | Kannur | B.Indrabalan Pillai | 9847940800 |
| 9 | Vadakara | S.Vijayakumar | 9447430808 |
| 10 | Palakkad | Baby Antony | 9447421768 |
| 11 | Thalassery | Johny Sebastian | 9447054572 |
| 12 | Kasaragod | George Vallakkalil | 9446051557 |
| | | **IInd Grade Municipalities** | |
| 1 | Neyyattinkara | Binu Francis | 9447303769 |
| 2 | Attingal | | |
| 3 | Punalur | | |
| 4 | Pathanamthitta | N.Santhosh Kumar | 9446397212 |
| 5 | Kayamkulam | R.Sudheer Raj | 9447857824 |
| 6 | Cherthala | | |
| 7 | Palai | K.Sudheer | 944708030 |
| 8 | Thodupuzha | N.Lalu | 9847541901 |
| 9 | Kothamangalam | Dr. Samji David | 9447349131 |
| 10 | Muvattupuzha | V.R.Raju | 9447413433 |
| 11 | Kunnamkulam | N.Vijayakumar | 9495507539 |
| 12 | North Paravoor | C.Vijayamohanan | 9447439102 |
| 13 | Thripunithura | G.Padmakumar | 9446480585 |

| | | | |
|---|---|---|---|
| 14 | Angamaly | V.V.Sathyavan | 9446217842 |
| 15 | Chalakkudy | P.Sudhakaran | 9847152499 |
| 16 | Irinjalakkuda | P.G.Gopi | 9349858538 |
| 17 | Kodungalloor | K.V.S.Sivan | 9447274918 |
| 18 | Shoranur | R.Lalu | 9447638886 |
| 19 | Malappuram | Sudt. In-charge | |
| 20 | Perinthalmanna | K.S.Lalithambika | 9847471444 |
| 21 | Manjeri | K.M.Basheer | 9447209079 |
| 22 | Kanhangad | B.K.Balraj | 94476735 |
| **IIIrd Grade Municipalities** | | | |
| 1 | Nedumangad | A.S.Anuja | 9349806709 |
| 2 | Varkala | S.Meenakumari | 9387801926 |
| 3 | South Paravoor | G.Rajendran Nair | |
| 4 | Adoor | P.K.Premlal (ME In-charge) | 9447439862 |
| 5 | Mavelikkara | B.Sreekumar | 9447687903 |
| 6 | Chengannur | K.Premachandran | 9447253937 |
| 7 | Vaikom | P.A.Pius | 9447282309 |
| 8 | Kalamassery | G.Sudhakaran | 9446443202 |
| 9 | Chavakkadu | Supdt. In-charge | 9446397212 |
| 10 | Guruvayur | C.C.Sasidharan | 9847210068 |
| 11 | Chittoor- Thathamangalam | Raghu Raman | |
| 12 | Ottappalam | P.Vijayan | 9447654535 |
| 13 | Ponnani | V.K.Rajan | 9447516521 |
| 14 | Kalpetta | K.N.Krishnankutty | 9446392799 |
| 15 | Payyannur | K.Premachandran | 9446317523 |
| 16 | Kuthuparambu | K.P.Vinayan | 9447360258 |
| 17 | Thaliparambu | P.Radhakrishnan | 9447964037 |
| 18 | Koilandy | Ajesh.T.G | 9446822566 |
| 19 | Mattannur | P.K.Radhamohan | 9447690796 |
| 20 | Thrissur - Electricity | T.P.Satheesan | 9446688046 |

**Secretary - Trainee**

| | | |
|---|---|---|
| 1 | A.C.Kuriakose | 9447415172 |
| 2 | Anees.P.K | 9447678476 |

**അനുബന്ധം 3**

**Legal Section**

**List of cases pending without receiving report/statement of facts from various Municipalities**

| Sl | File No | Case No | Name of Petitioner | Subject |
|---|---|---|---|---|
| **Chengannur** | | | | |
| 1 | L-3576/02 | OP No. 4032/02 | V Gopalan & Others | Recategorise the petitioners as sanitation workers |
| **Changanassery** | | | | |
| 1 | L-16701/03 | WP(c). 7677/03 | Smt. Pathumma @ Kunhumol | For Family Pension |
| **Punalur** | | | | |
| 1 | L-25906/03 | WP(c) 32050/03 | Jyothikumar | Demolision of Shop |
| **Tirur** | | | | |
| 1 | L-11160/04 | WP(c) 16314/04 | Moideenkutty | Performance Audit |
| **Aluva** | | | | |
| 1 | L-11894/04 | WP(c) 10432/03 | M.N.Venugopal | Disciplinary Action |
| **Thodupuzha** | | | | |
| 1 | L-6037/04 | WP(c) 8883/04 | T.K.Sudhakaran Nair | Misutilisation of Plan Fund |
| **Payyannur** | | | | |
| 1 | L-226/06 | WP(c) 35849/05 | S.K.Vijayan | Disbursement of pensionary claims |
| **Alappuzha** | | | | |
| 1 | L-18783/04 | WP(c) 30567/04 | Sarojini & 2 Others | Contingent employees - Disburse the arrear pension |
| 2 | L-4207/04 | WP(c) 25060/03 | C.A.Rosamma | Appointment in compassionate scheme |
| 3 | L-7375/04 | WP(c) 20913/02 | Prasanna & Others | Judgement complaince |
| 4 | L-1268/05 | WP(c) 33628/06 | P.A.Mariamma | Sanitation Worker - Pensionary Benefits |
| **Muvattupuzha** | | | | |
| 1 | L-7372/04 | WP(c) 24136/04 | A.M.Salam | Remove the unauthorised & illegal structures in front of the shop |
| **Kochi** | | | | |
| 1 | L-18112/03 | WP(c). 12889/03 | A. Mary | Pensionary benefit to the legal heirs (judgement implementation) |
| **Kollam** | | | | |
| 1 | L-25872/03 | WP(c) 37857/03 | Sasidharan & Others | Against the order in RC 13/03 of State Election Commission |
| **Thiruvananthapuram** | | | | |
| 1 | L-13559/05 | W.A 53/02 | Parukkutti Amma | For Family Pension |

## അനുബന്ധം 4

മേഖലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്തതിനാൽ നടപടി എടുക്കാത്ത ഫയലുകളുടെ വിവരം

**മേഖല ജോയിന്റ് ഡയറക്ടർ ഓഫീസ് – കൊല്ലം**

1. L-2218/05 – ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി മുനിസിപ്പൽ സ്വത്ത് ദുർവിനിയോഗം സംബന്ധിച്ച് കൗൺസിലർമാരുടെ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കാത്തത്–സംബന്ധിച്ച്.
2. L-5855/05 – ചങ്ങനാശ്ശേരി നഗരസഭയിലെ 13 ാം വാർഡ് പുനഃ ക്രമീകരണം സംബന്ധിച്ച്.
3. L-5785/05 – തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വ്യാജ ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കെതിരെയുള്ള നടപടി സംബന്ധിച്ച്.

കുടുംബശ്രീ മിഷനിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്തതിനാൽ തീർപ്പാക്കാത്ത ഫയലുകളുടെ വിവരം

1. L-10648/05 – മുനിസിപ്പാലിറ്റി ആക്ട് സെക്ഷനിൽ 22(1F) നടപ്പാക്കുന്നതിൽ അപാകത സംബന്ധിച്ച്.

| KURDFC, HUDCO & CDS LOANS - DUES POSITION AS ON 30.09.2006 | | | | | | | |
|---|---|---|---|---|---|---|---|
| **Sl. No** | **Local Bodies** | **Balance on 01.04.2006** | **Demand on 06/06** | **Demand on 09/06** | **Remittance** | **Current dues balance** | **Total dues as on 30.09.06 including normal interest & penal interest** |
| 1 | Aluva | 10427620 | 485797 | 1898641 | 444749 | 1939689 | 13294642 |
| 2 | Chengannur | 6653429 | | 1437112 | 1500000 | | 7038140 |
| 3 | Cherthala | 3068166 | 792348 | 783036 | 783036 | 792348 | 4149724 |
| 4 | Kodungallur | 8153457 | 1174605 | 1578590 | | 2753195 | 11580095 |
| 5 | Kalamassery | 9959397 | | 1424314 | 2755600 | | 9281032 |
| 6 | Muvattupuzha | 23491794 | 345064 | 2275250 | 129683 | 2540471 | 28233753 |
| 7 | Punalur | 5726952 | 288452 | 1298417 | 2051000 | | 5681955 |
| 8 | North Parur | 5956359 | 124952 | 1151299 | 1173881 | 527233 | 6548480 |
| 9 | Thalassery | 307558 | 15287 | 24621 | | 39908 | 365318 |
| 10 | Neyyattinkara (RR) | 143319777 | 3760552 | 2727672 | | 7488224 | 160116832 |
| 11 | Kannur | 819731 | 31262 | 30502 | | 61764 | 937430 |
| 12 | Kayamkulam | 5269354 | 319055 | 399727 | 300000 | 418782 | 6076767 |
| 13 | Kothamangalam | | | 980921 | | 980921 | 980921 |
| 14 | Mavelikakra | | | 654651 | | 654651 | 654651 |
| 15 | Paravoor | | 2214440 | | | 2214440 | 2278628 |
| 16 | Perinthalmanna | | 1227652 | 1354866 | | 2582518 | 2626573 |
| 17 | Pathanamthitta | 402964 | 2684730 | 2948640 | | 5633370 | 6155412 |
| 18 | Payyannur | 2460506 | 149364 | 147236 | 210826 | 203710 | 2690724 |
| 19 | Koyilandy | 104884 | 100052 | 99930 | 227237 | | 88904 |
| 20 | Alappuzha | 537354 | 245988 | 243542 | 536835 | | 505798 |
| 21 | Chavakkad | 54013 | 24828 | 24066 | 80603 | | 25145 |
| 22 | Adoor | 643043 | 22191 | 21949 | | 44140 | 729966 |
| 23 | Kochi | 11716662 | 572871 | 562384 | | 1135255 | 13694128 |
| 24 | Kasaragod | 28801 | 27929 | 27309 | 84957 | | |
| 25 | Mattannur | 948736 | 105257 | 104132 | 57600 | 151789 | 1175031 |
| 26 | Shoranur | 17685 | 116194 | 114685 | 173283 | 57596 | 78782 |
| 27 | Vadakara | 81134 | 78155 | 77024 | 239102 | | |
| 28 | Ponnani | | | 83351 | | 83351 | 86011 |
| 29 | Angamaly | | | 4312 | | 4312 | 4333 |
| | **TOTAL** | **240149376** | **14907025** | **22478179** | **10748392** | **30307667** | **285079175** |

| KURDFC LOANS - DUES POSITION AS ON 30.09.2006 | | | | | | | |
|---|---|---|---|---|---|---|---|
| **Sl. No** | **Local Bodies** | **Balance on 01.04.2006** | **Demand on 06/06** | **Demand on 09/06** | **Remittance** | **Current dues balance** | **Total dues as on 30.09.06 including normal interest & penal interest** |
| 1 | Aluva | 9828347 | 444749 | 1858250 | 444749 | 1858250 | 12569847 |
| 2 | Chengannur | 6653429 | | 1437112 | 1500000 | | 7038140 |
| 3 | Cherthala | 3068166 | 792348 | 783036 | 783036 | 792348 | 4149724 |
| 4 | Kodungallur | 8153457 | 1174605 | 1578590 | | 2753195 | 11580095 |
| 5 | Kalamassery | 9959397 | | 1424314 | 2755600 | | 9281032 |
| 6 | Muvattupuzha | 23274328 | 244155 | 2175677 | | 2419832 | 27927402 |
| 7 | Punalur | 4610644 | 189824 | 1200667 | 1451000 | | 4890347 |
| 8 | North Parur | 5425519 | | 1027233 | 500000 | 527233 | 6405898 |
| 9 | Thalassery | 46883 | | 9501 | | 9501 | 56384 |
| 10 | Neyyattinkara (RR) | 40912374 | | | | | 40912374 |
| 11 | Kannur | 28057 | | | | | 28057 |
| 12 | Kayamkulam | | | 84282 | | 84282 | 84282 |
| 13 | Kothamangalam | | | 980921 | | 980921 | 980921 |
| 14 | Mavelikakra | | | 654651 | | 654651 | 654651 |
| 15 | Paravoor | | 2214440 | | | 2214440 | 2278628 |
| 16 | Perinthalmanna | | 1227652 | 1354866 | | 2582518 | 2626573 |
| 17 | Pathanamthitta | | 2648374 | 2912675 | | 5561049 | 5651298 |
| 18 | Payyannur | 450441 | | | | | 450441 |
| | **TOTAL** | **112411042** | **8936147** | **17481775** | **7434385** | **20438220** | **137566094** |

| HUDCO Dues Demand Collection position 2006-07 | | | | | | | |
|---|---|---|---|---|---|---|---|
| **Sl.No** | **Name of Hudco** | **O/B** | **Jun-06** | **Sep-06** | **Remittence** | **Current dues** | **Total Dues** |
| 1 | Aluva | 599273 | 41048 | 40391 | | 81439 | 729966 |
| 2 | Koyilandy | 19294 | 18914 | 18612 | 58734 | | |
| 3 | Muvattupuzha | 86468 | 40243 | 39600 | 129683 | | 43374 |
| 4 | Payyannur | 112094 | 46985 | 45905 | 210826 | | |
| 5 | Alappuzha | 537354 | 245988 | 243542 | 536835 | | 505798 |
| 6 | N/Parur | 83694 | 82560 | 81674 | 169611 | | 82398 |
| 7 | Neyyattinakara | 102407403 | 3760552 | 3727672 | | 7488224 | 119204458 |
| | **TOTAL** | **103845580** | **4236290** | **4197396** | **1105689** | **7569663** | **120565994** |

| CDS Dues Demand Collection Position 2006-07 | | | | | | | |
|---|---|---|---|---|---|---|---|
| **Sl.No** | **Name of Hudco** | **O/B** | **De/6/06** | **De/9/06** | **Remittence** | **Current dues** | **Total Dues** |
| 1 | Adoor | 643043 | 22191 | 21949 | | 44140 | 729966 |
| | Chavakkad | 54013 | 24828 | 24066 | 80603 | | 25145 |
| | Kochi | 11716662 | 572871 | 562384 | | 1135255 | 13694168 |
| | Kayamkulam | 5269354 | 319055 | 315445 | 300000 | 334500 | 5992485 |
| | Kannur | 791674 | 31262 | 30502 | | 61764 | 909373 |
| | Kasaragod | 28801 | 27929 | 27309 | 84957 | | |
| | Koyilandy | 85590 | 81138 | 81318 | 168503 | | 86990 |
| | Mattannur | 948736 | 105257 | 104132 | 57600 | 151789 | 1175031 |
| | Muvattupuzha | 130998 | 60666 | 59973 | | 120639 | 265532 |
| | N/Parur | 447146 | 42392 | 42392 | 504270 | | 60184 |
| | Punalur | 1116308 | 98628 | 97750 | 600000 | | 791608 |
| | Pathanamthitta | 402964 | 36356 | 35965 | | 72321 | 504114 |
| | Payyannur | 1897971 | 102379 | 101331 | | 203710 | 2234441 |
| | Shornur | 17685 | 116194 | 114685 | 173283 | 57596 | 78782 |
| | Thalassery | 260675 | 15287 | 15120 | | 30407 | 308934 |
| | Vadakara | 81134 | 78155 | 77024 | 239102 | | |
| | Ponnani | | | 83351 | | 83351 | 86011 |
| | Angamaly | | | 4312 | | 4312 | 4333 |
| | **TOTAL** | **23892754** | **1734588** | **1799008** | **2208318** | **2299784** | **26947097** |